ഐ. ആർ. ഡി. പി. വായ്പാ വിതരണത്തിലെ ക്രമക്കേടുകൾ

*110 [112] ശ്രീ. പി. വി. മുഹമ്മദ്:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, കെ. പി. എ. മജീദ്:
,, ഇ. റ്റി. മുഹമ്മദ് ബഷീർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ആർ. ഡി. പി. വായ്പാ വിതരണത്തിലെ ക്രമക്കേടുകൾ പരിശോധിക്കാൻ ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ എന്ത് എന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ എന്തെങ്കിലും സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗ്രാമ വികസനവകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഉണ്ട്.

(ബി) 16-8-1984-ലെ ജി. ഒ. (ആർ.ടി.) 820/84/ ഡി ഡി ഉത്തരവനുസരിച്ച് ജില്ലാ കലക്ടറുടെ നിയന്ത്രണത്തിൽ ഒരു വിജിലൻസ് സെൽ ജില്ലകളിൽ രൂപീകരിക്കാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ കലക്ടർക്ക് ഉത്തമവിശ്വാസമുള്ള മൂന്ന് ഉദ്യോഗസ്ഥൻമാരായിരിക്കും ഈ സെല്ലിലുള്ളത്. വികസന വകുപ്പുവഴി നടത്തുന്ന പ്രവർത്തനങ്ങളും മറ്റും പരിശോധിക്കാൻ ഈ സെല്ലിന് ചുമതലയുണ്ട്.

ഇതുകൂടാതെ ഐ. ആർ. ഡി. പി. നടത്തിപ്പിനെ സംബന്ധിച്ച് സർക്കാരിനു ലഭിക്കുന്ന പരാതികളും അപ്പപ്പോൾത്തന്നെ അന്വേഷിച്ച് വേണ്ട മേൽനടപടികളും എടുക്കുന്നുമുണ്ട്. ഐ. ആർ. ഡി. പി. സഹായം ലഭിച്ച കുടുംബങ്ങളെ സന്ദർശിച്ച് അവർക്കു നൽകിയ സാമ്പത്തിക സഹായം എങ്ങനെ പ്രയോജനപ്പെടുത്തി എന്നു പരിശോധിക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഏകീകൃത മിനിമം കൂലി നടപ്പിലാക്കാൻ നടപടി

266 [293] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബീഡി, കൈത്തറി, കശുവണ്ടി എന്നീ വ്യവസായങ്ങളിൽ അഖിലേന്ത്യാ നിലവാരത്തിൽ അല്ലെങ്കിൽ മേഖലാ നിലവാരത്തിലെങ്കിലും ഏകീകൃത മിനിമം കൂലി നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly